പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. 718</u> — <u>04.11.2016-ൽ മറുപടിക്ക്</u>

## സർക്കാർ പോളിടെക്നിക്കുകളുടെ വികസനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി. കെ. ശശീന്ദ്രൻ<br>ശ്രീ. എം. സ്വരാജ്<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. യു. ആർ. പ്രദീപ് | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സർക്കാർ പോളിടെക്നിക്കുകളുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ; | (എ) സർക്കാർ പോളിടെക്നിക്ക് കോളേജുകളുടെ വികസനത്തിനായി പദ്ധതി ഫണ്ടിലുൾപ്പെടുത്തി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു :<br><br>1) <u>സംസ്ഥാനത്തെ സർക്കാർ പോളിടെക്നിക്ക് കോളേജുകളുടെ വികസനം</u> - പദ്ധതി വകയിരുത്തൽ - 12.25 കോടി രൂപ ഇതിൽ M&S (മെറ്റീരിയൽ സപ്ലൈസ്) ൽ 1.47 കോടി രൂപയും M&E (മെഷിനറി എക്യൂപ്മെന്റ്) ൽ 85.75 ലക്ഷം രൂപയും M&W (മൈനർ വർക്ക്സ്) 5.51 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.<br><br>ക്യാപിറ്റൽ ഇനത്തിൽ 12.25 കോടി രൂപ കൂടി വകയിരുത്തിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഈ തുക ഉപയോഗിക്കുന്നത്. ക്ലാസ് മുറികൾ, ലാബുകൾ, വർക്ക്ഷോപ്പുകൾ, ഹോസ്റ്റൽ, സ്റ്റാഫ് ക്വാർട്ടേഴ്സ് തുടങ്ങിയ നിർമ്മാണം ഈ തുക ഉപയോഗിച്ചാണ് നടത്തുന്നത്.<br><br>2) <u>ലൈബ്രറി ശാക്തീകരണം</u> - സംസ്ഥാനത്തെ പോളിടെക്നിക്ക് കോളേജുകളിലെയും എഞ്ചിനിയറിംഗ് കോളേജുകളിലെയും ലൈബ്രറികളുടെ ശാക്തീകരണത്തിനായി 2.5 കോടി രൂപ പദ്ധതി വിഹിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>3) <u>SITTTR (സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് ആൻറ് റിസർച്ച്) വികസനം,</u> കളമശ്ശേരി - |

പോളിടെക്നിക്ക് കോളേജുകളിലെ ഡിപ്ലോമ സിലബസ് പരിഷ്കരണവും അദ്ധ്യാപകരുടെ പരിശീലന പരിപാടികളും മറ്റ് അനുബന്ധ പരിപാടികളും കരിക്കുലം വികസനവും SITTTR മുഖേനയാണ് നടത്തുന്നത്. വിവിധ പ്രവർത്തനങ്ങൾക്കായി 2016-17 ൽ 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

4) ഫിനിഷിംഗ് സ്കൂളുകൾ- പോളി ടെക്നിക്ക് കോളേജ് പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ സ്ഥാപനങ്ങളിലും വിദ്യാർത്ഥികളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കാനായി സോഫ്റ്റ് സ്കിൽ വികസനത്തിൽ പരിശീലനം നൽകാൻ ഫിനിഷിംഗ് സ്കൂൾ പദ്ധതി ലക്ഷ്യമിടുന്നു. 2016-17 ൽ 80 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

5) കായിക വിദ്യാഭ്യാസ വികസനം - പോളിടെക്നിക്ക് കോളേജുകളിലെ കായിക വിദ്യാഭ്യാസ വികസനത്തിനായി 75 ലക്ഷം രൂപയും ബന്ധപ്പെട്ട അടിസ്ഥാന സൗകര്യ വികസനത്തിനായി 75 ലക്ഷം രൂപയും 2016-17 ൽ വകയിരുത്തിയിട്ടുണ്ട്.

6) വിവര - വിനിമയ സാങ്കേതിക വിദ്യാ വികസനം - എഞ്ചിനിയറിംഗ് കോളേജിലും പോളിടെക്നിക്ക് കോളേജിലും സമഗ്ര വികസനത്തിനായി വിവര വിനിമയ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതിന് 2016-17 ൽ 220 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

7) വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് റെമഡിയൽ ക്ലാസ്സുകൾ സംഘടിപ്പി ക്കാൻ 2016-17 ൽ 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

8) ദേശിയ വിദ്യാഭ്യാസ കമ്മീഷനു മായുള്ള കണക്ടിവിറ്റി (NMEICT) കേന്ദ്രാവിഷ്കൃത പദ്ധതിക്കായി 250 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തിയിട്ടുണ്ട്.

| | | |
|---|---|---|
| | | 9) ദേശീയ തൊഴിലധിഷ്ഠിത ചട്ടക്കൂട് (NVEQF) രൂപീകരിക്കൽ -സംസ്ഥാന ടെക്നിക്കൽ ഹൈസ്കൂളുകളിലും, പോളിടെക്നിക്കു കളിലും നടപ്പാക്കി വരുന്നു. 358 ലക്ഷം രൂപ 2016-17 വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്.<br><br>10) <u>ഉത്പാദന പരിശീലന കേന്ദ്രങ്ങൾ</u> തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിൽ സ്ഥാപിക്കാൻ 2016-17 ൽ 11 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>11) <u>ടെക്നോളജി ബിസിനസ്സ് ഇൻക്യൂബേഷൻ സെന്ററുകൾ</u> തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിൽ പ്രവർത്തിക്കുന്നതിനായി 2016-17 ൽ 22 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | പല പോളിടെക്നിക്കുകളിലും അറ്റകുറ്റപ്പണികളും ശക്തിപ്പെടുത്തലും ആവശ്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഉണ്ട്. സംസ്ഥാനത്തെ പല പോളിടെക്നിക്കുകളും ടെക്നിക്കൽ ഹൈസ്കൂൾ അപ്ഗ്രേഡ് ചെയ്തവയാണ്. പഴക്കമുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതിനാൽ അറ്റകുറ്റപണികളും ശക്തിപ്പെടുത്തലും ആവശ്യമാണ്. ഇതിനായി പദ്ധതിയിനത്തിൽ മൈനർ വർക്ക്സ് വിഭാഗത്തിൽപ്പെടുത്തി 2016-17 ൽ 5.51 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) | പുതുക്കിയ പാഠ്യപദ്ധതിക്കനുസൃതമായി, നിലവിലുള്ള ലബോറട്ടറികൾക്ക് ആധുനിക ഉപകരണങ്ങൾ, ഫർണീച്ചറുകൾ, മെഷീനറികൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവ വാങ്ങുന്നതിനായി നടപടി സ്വീകരിക്കുമോ ? | (സി) ഈ ആവശ്യങ്ങൾക്കായി പദ്ധതിയിനത്തിൽ തുക വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക സ്ഥാപനങ്ങളിൽ നിന്നും ആവശ്യപ്പെടുന്നതനുസരിച്ച് അനുവദിച്ചു നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ